# കേരള കലാമണ്ഡലം

(കല്പിത സർവകലാശാല)

വള്ളത്തോൾ നഗർ

## കേരള കലാമണ്ഡലത്തിൽ പ്ലസ് വൺ പ്രവേശനത്തിനുള്ള അപേക്ഷ ക്ഷണിക്കുന്നു.

കേരള കലാമണ്ഡലം കൽപിത സർവകലാശാല ആർട്ട് ഹയർസെക്കണ്ടറി സ്ക്കൂളിലെ പ്ലസ് വൺ പ്രവേശനത്തിന് അപേക്ഷ ക്ഷണിക്കുന്നു. 10-ാം ക്ലാസ് ജയിച്ച, 2018 ജൂൺ ഒന്നിന് 20 വയസ്സ് കവിയാത്ത വിദ്യാർത്ഥി(നി)കൾക്ക് അപേക്ഷിക്കാം. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗ വിദ്യാർത്ഥികൾക്ക് 2 വർഷം ഇളവു ലഭിക്കും. ഹയർ സെക്കണ്ടറി പാസ്സാകുന്ന വിദ്യാർത്ഥികൾക്ക് മാർക്കിന്റെ അടിസ്ഥാനത്തിൽ ഡിഗ്രി, പോസ്റ്റ് ഗ്രാജ്വേറ്റ്, എം.ഫിൽ, പി.എച്ച്.ഡി എന്നീ ക്രമത്തിൽ പഠനം പൂർത്തിയാക്കാനാകും. പഠിപ്പിൽ സമർത്ഥരായവർക്ക് കലാമണ്ഡലത്തിൽ വിവിധ വ്യക്തികളും സ്ഥാപനങ്ങളും ഏർപ്പെടുത്തിയിട്ടുള്ള എൻഡോവ്മെന്റ് അവാർഡുകൾ ലഭിക്കുന്നതാണ്. പൂരിപ്പിച്ച അപേക്ഷകൾ നിശ്ചിത തീയതിയ്ക്കകം നേരിട്ട് സമർപ്പിക്കുകയോ രജിസ്ട്രാറുടെ പേരിൽ തപാലിൽ അയയ്ക്കുകയോ ചെയ്യാവുന്നതാണ്. പൂരിപ്പിച്ച അപേക്ഷയോടൊപ്പം, തൃശ്ശൂർ ജില്ലയിലെ പാഞ്ഞാൾ എ.സ്.ബി.ഐ.ശാഖയിൽ **രജിസ്ട്രാർ, കേരള കലാമണ്ഡലം** എന്ന പേരിലുള്ള 30238237798 അക്കൗണ്ട് നമ്പറിലേക്ക് **(IFSC Code SBIN0008029)** 200/- രൂപ അടവാക്കിയ ഒറിജിനൽ കൗണ്ടർ ഫോയിൽ **(account pay-in slip)** സമർപ്പിക്കേണ്ടതാണ്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ അപേക്ഷകർക്ക് 80/- രൂപ അടച്ചാൽ മതിയാകുന്നതാണ്.

ആൺകുട്ടികൾക്കു മാത്രം അപേക്ഷിക്കാവുന്ന കഥകളി വേഷം, കഥകളി സംഗീതം, ചെണ്ട, മദ്ദളം, മിഴാവ്, തിമില-പഞ്ചവാദ്യം, മൃദംഗം, കൂടിയാട്ടം പുരുഷ വേഷം, ചുട്ടി; ആൺകുട്ടികൾക്കും, പെൺകുട്ടികൾക്കും അപേക്ഷിക്കാവുന്ന തുള്ളൽ, കർണ്ണാടകസംഗീതം; പെൺകുട്ടികൾക്ക് മാത്രം അപേക്ഷിക്കാവുന്ന കൂടിയാട്ടം സ്ത്രീവേഷം, മോഹിനിയാട്ടം എന്നീ വിഷയങ്ങളിലേക്കാണ് അപേക്ഷ ക്ഷണിച്ചിരിക്കുന്നത്. അപേക്ഷകർ അഭിമുഖ പരീക്ഷയ്ക്ക് ഹാജരാകേണ്ടതാണ് . എ.എച്ച്.എസ്.എൽ.സി വിജയിച്ചവർക്ക് മുൻഗണന ഉണ്ടായിരിക്കും.

അപേക്ഷയും വിശദവിവരങ്ങളടങ്ങിയ പ്രോസ്പെക്ട്സ്സും കലാമണ്ഡലം വെബ്സൈറ്റിൽ നിന്ന് (***www.kalamandalam.org***) 2018 മെയ് 14 മുതൽ ഡൗൺലോഡ് ചെയ്യാവുന്നതാണ്. പൂരിപ്പിച്ച അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി 2018 മെയ് 23. പ്ലസ് വൺ പ്രവേശനത്തിനുള്ള ഫീസും കോഴ്സ് വിവരങ്ങളും പ്രോസ്പെക്ട്സ്സിൽ ലഭ്യമാണ്. അപേക്ഷാ ഫോറം പൂരിപ്പിക്കുന്നതിന് മുമ്പ് പ്രോസ്പെക്ട്സ്സ് വിശദമായി വായിച്ചിരിക്കേണ്ടതാണ്.

വള്ളത്തോൾ നഗർ
14/05/2018

*Sd/-*
**രജിസ്ട്രാർ**
കേരള കലാമണ്ഡലം